പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: **882**

**11.03.2015** ൽ മറുപടിക്ക്

**കാഞ്ഞങ്ങാട് ചിത്താരി കടപ്പുറത്ത് കടൽ ഭിത്തി**

| ചോദ്യം<br>ശ്രീ. ഇ. ചന്ദ്രശേഖരൻ | | മറുപടി<br>ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവവകുപ്പ് മന്ത്രി) |
|---|---|---|
| (എ) കാഞ്ഞങ്ങാട് ചിത്താരി കടപ്പുറത്ത് മൺസൂൺ കാലത്തനുഭവപ്പെടുന്ന രൂക്ഷമായ കടലാക്രമണം തടയുന്നതിന് കടൽ ഭിത്തി നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ്; വ്യക്തമാക്കുമോ;<br><br>(ബി) വീടുകൾക്കടക്കം കടലാക്രമണത്താൽ വ്യാപകനാശനഷ്ടം ഉണ്ടാകുന്ന പ്രദേശമെന്ന പരിഗണന നൽകി കടൽഭിത്തി നിർമ്മാണത്തിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ? | (എ)<br>&<br>(ബി) | ചിത്താരി കടപ്പുറത്ത് കടലാക്രമണം തടയുന്നതിനായി 1000 മീറ്റർ നീളത്തിൽ (ചെയിനേജ് 51/1000 മുതൽ 52/000 കി.മീ. വരെ) പുതിയ കടൽഭിത്തി നിർമ്മാണത്തിന് 595 ലക്ഷം രൂപ അടങ്കൽ തുകയ്ക്കുള്ള പ്രൊപ്പോസൽ നബാർഡ് RIDFXX ൽ ഉൾപ്പെടുത്തിയെങ്കിലും ഫണ്ടിന്റെ അഭാവത്തിൽ അനുമതി നൽകിയിട്ടില്ല. കൂടാതെ 1500 മീറ്റർ നീളത്തിൽ (ചെയിനേജ് 49/500 മുതൽ 51/000 കി.മീ. വരെ) പുതിയ കടൽഭിത്തി നിർമ്മിക്കാൻ 1050 ലക്ഷം രൂപ അടങ്കൽ തുകയ്ക്കുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയെങ്കിലും ഫണ്ടിന്റെ അഭാവത്തിൽ അനുമതി നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ